(9) പറവൂർ-ആലുവ റോഡ് സ്റ്റേറ്റ് ഹൈവേയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. രാജു : സർ, എൻ. എച്ച്. 17-നെയും എൻ.എച്ച്. 47-നെയും ബന്ധപ്പെടുത്തുന്ന ലിങ്ക് റോഡാണ് പറവൂർ-ആലുവാ റോഡ്, ഇപ്പോൾ മേജർ ജില്ലാ റോഡാണ്. ഏകദേശം 16 കിലോമീറ്റർ ദൂരം വരുന്ന ഈ റോഡ് നിരവധി വർഷക്കാലമായി സംസ്ഥാന ഹൈവേയായി പ്രഖ്യാപിക്കണമെന്ന ആവശ്യം ഉയർന്നുവരുന്നു. കേരളത്തിന്റെ പ്രധാന വ്യവസായകേന്ദ്രമായ ആലുവായിൽനിന്നും അതുപോലെ തന്നെ നെടുമ്പാശ്ശേരിയിൽ അന്താരാഷ്ട്ര വിമാനത്താവളം ഉയർന്നു വന്നപ്പോൾ അവിടെനിന്നും പ്രത്യേകിച്ച് എൻ.എച്ച്. 17 വഴി മലബാർ പ്രദേശത്തേക്ക് കടന്നുപോകുന്നതിനുള്ള ഒരു പ്രധാനപ്പെട്ട റോഡാണ് പറവൂർ-ആലുവാ റോഡ്. സർ, ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കു തന്നെ അറിയാവുന്നതാണ്. ഒരിക്കൽ ഞാൻ അദ്ദേഹത്തോട് സൂചിപ്പിച്ചപ്പോൾ അദ്ദേഹം തന്നെ പറഞ്ഞു. ഇത് സ്റ്റേറ്റ് ഹൈവേയായിട്ട് ഇതുവരെ പ്രഖ്യാപിച്ചില്ലേ എന്നാണ്. അത്രയേറെ പഴക്കമുള്ളതും പ്രാധാന്യമേറിയതുമായ റോഡാണ് പറവൂർ-ആലുവാ റോഡ്. ഈ റോഡ് ഹൈവേയായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഹൈവേയായി പ്രഖ്യാപിച്ചില്ലേ എന്നുപറയാൻ കാരണം ഞാൻ അടുത്ത ദിവസം പോയപ്പോൾ സ്റ്റേറ്റ് ഹൈവേയേക്കാൾ നന്നായിട്ടാണ് ആ റോഡ് ഇപ്പോൾ കിടക്കുന്നത്.

മി.സ്പീക്കർ : അപ്പോൾ പ്രഖ്യാപിച്ച് മോശമാക്കണ്ടല്ലേ ?

ശ്രീ. പി. ജെ. ജോസഫ് : എങ്കിലും കുറച്ചു മുൻഗണന കിട്ടും. ഇത് വളരെ പ്രധാനപ്പെട്ട റോഡാണ്. പ്രൊപ്പോസൽസ് അടിയന്തിരമായി വരും. ഇലക്ഷൻ ഡിക്ലറേഷനു മുമ്പ് സമയം കിട്ടുമെങ്കിൽ സ്റ്റേറ്റ് ഹൈവേയാക്കി ഉയർത്തേണ്ട റോഡാണ് അതിന് ആവശ്യമായ നടപടി സ്വീകരിക്കും.

(10) പള്ളിക്കുടി-ദളവാപുരം പാലത്തിന്റെ നിർമ്മാണം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, കൊല്ലം ജില്ലയിലെ ചവറ മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു പാലമാണ് ദളവാപുരം പള്ളിക്കുടി പാലം. ആ പ്രദേശത്തെ ജനങ്ങളാകെ ആവശ്യപ്പെടുന്ന ഒരു പാലമാണത്. ഇപ്പോൾ എട്ടു കോടി പത്തുലക്ഷം രൂപയാണ് അതിന്റെ എസ്റ്റിമേറ്റ്. ഈ വർഷം അത് ടെൻഡർ ചെയ്യാൻ വിഷമമാണ് എന്നുപറഞ്ഞതുകാരണം ജനങ്ങൾ അവിടെ പ്രക്ഷോഭത്തിലാണ്. ഗവൺമെന്റ് തീരുമാനിച്ചാൽ ഈ സാങ്കേതികത്വം ഒഴിവാക്കാം എന്നാണ് എനിക്ക് പറയാനുള്ളത്, കൊല്ലത്തുനിന്ന് തെക്കുഭാഗത്തേക്ക് യാത്ര ചെയ്യാൻ 15 കിലോമീറ്റർ ലാഭിക്കുന്നതും മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് ഉതകുന്നതുമായ പള്ളിക്കുടി ദളവാപുരം പാലം അടിയന്തിരമായി ടെൻഡർ ചെയ്യുന്നതിനും അതിന്റെ വർക്ക് നടക്കും എന്ന് ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly